കമ്മിറ്റി മുഖേന നടപ്പിലാക്കിവരുന്ന ജലസേചന പദ്ധതിയാണ് ജലധാരാ പദ്ധതി, ഈ പദ്ധതി പ്രകാരം ഇതുവരെയായി 320 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഒരു സാമ്പത്തികവർഷം ഏറ്റെടുക്കുന്ന പണികൾ ആ വർഷം തന്നെ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ചലച്ചിത്രങ്ങൾക്ക് അവാർഡുകൾ കൊടുക്കുന്നതിനുള്ള മാനദണ്ഡം

5. [1774] ശ്രീ. വി. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചലച്ചിത്രങ്ങൾക്ക് അവാർഡുകൾ കൊടുക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ ; ഇല്ലെങ്കിൽ മാനദണ്ഡം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ക്ലാസിക്ക് ചിത്രങ്ങളെയും അല്ലാത്തവയെയും തരംതിരിച്ച് അവാർഡുകൾ ഏർപ്പെടുത്തണമെന്ന നിർദ്ദേശം പരിഗണിക്കുമോ ;

(സി) കൂടുതൽ പ്രേക്ഷകർ കാണുന്ന ചിത്രങ്ങൾക്ക് പ്രത്യേക പരിഗണന നൽകി അവയിൽ നിന്നും അവാർഡ് ചിത്രങ്ങൾ തെരഞ്ഞെടുക്കണമെന്ന നിർദ്ദേശം പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതതു വർഷം നിയോഗിക്കപ്പെടുന്ന അവാർഡ് നിർണ്ണയ കമ്മിറ്റിയുടെ നിർദ്ദേശമാണ് ഗവൺമെൻറ് അംഗീകരിക്കുന്നത്.

(ബി) തൽക്കാലം പരിഗണിക്കുന്നില്ല.

(സി) തൽക്കാലം നിലവിലുള്ള നടപടിക്രമം മാറ്റുന്ന കാര്യം പരിഗണനയിൽ ഇല്ല.

സിനിമാ അവാർഡു കമ്മിറ്റി ഒഴിവാക്കൽ നടപടി

6. [1776] ശ്രീ. ടി. പി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സിനിമാ അവാർഡ് കമ്മിറ്റി അംഗങ്ങളെ പരസ്യ പ്രസ്താവനകൾ നടത്തുന്നത് നിയന്ത്രിക്കുവാൻ സർക്കാർ നിർദ്ദേശം നൽകുമോ ?

ഉത്തരം

ഇക്കാര്യം സർക്കാരിൻറെ പരിഗണനയിലാണ്.

സംസ്ഥാനത്തിൻറെ കടബാദ്ധ്യത കുറച്ചുകൊണ്ടുവരുന്നതിന് നടപടി

7. [1785] ശ്രീ. ഒ. ഭരതൻ :

,, ടി. കെ. ഹംസ :

ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിൻറെ നടപ്പു സാമ്പത്തികവർഷത്തെ വരുമാനത്തിൻറെ എത്ര ശതമാനമാണ് നടപ്പുവർഷം പലിശയിനത്തിൽ കൊടുക്കേണ്ടിവരുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly